(സി) കഴിഞ്ഞ പത്തുവർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്തുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തസ്തികകൾ സൃഷ്ടിച്ച് നടപടിക്രമം പാലിച്ച് സെൽ പ്രവർത്തനം ആരംഭിക്കാൻ കാലതാമസം നേരിടുമെന്നതിനാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിലെ എ.ആർ. ഒന്നു മുതൽ പത്തുവരെയുള്ള സെക്ഷനുകളെ നിയമന പരിശോധന നടത്താൻ ചുമതലപ്പെടുത്തിയതിനെത്തുടർന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ വയനാട്, ഇടുക്കി, കാസർകോട് ജില്ലകളിൽ റവന്യൂ വകുപ്പിൽ പരിശോധന നടത്തിവരുന്നു.

പി.എസ്.സി. ക്രമക്കേടുകൾ

61 (71) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ സൽപ്പേരിനും നിഷ്പക്ഷതയ്ക്കും കളങ്കംവരുത്തുന്ന വിധത്തിലുള്ള സംഭവങ്ങളും, വാർത്തകളും, അടിക്കടി ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എസ്.സി. നിയമന പരീക്ഷകളിലെ ക്രമക്കേടുകളും തട്ടിപ്പുകളും സംബന്ധിച്ച് നിരവധി കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ സെലക്ഷൻ പ്രോസസ്സിലെ പഴുതുകൾ ഇല്ലാതാക്കാൻ എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ;

(സി) പി.എസ്.സി. അംഗങ്ങളായി നിയമിക്കപ്പെടുന്നവരുടെ നിഷ്പക്ഷതയും, കാര്യശേഷിയും അവരുടെ നിയമന സമയത്ത് പരിശോധിക്കാറുണ്ടോ : എങ്കിൽ ഏതുതരം പരിശോധനയാണ് നടത്താറുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) നിലവിൽ പി.എസ്.സി.-യിലുണ്ടായിരുന്ന ഒഴിവുകൾ നികത്തിയപ്പോൾ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.*

(ഡി) വേണ്ടത്ര മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

പി.എസ്.സി. നിയമനത്തട്ടിപ്പ്

62 (72) ശ്രീ. എം. കെ. പ്രേംനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ കേസ്സുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾ

63 (73) ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പുതുതായി പി.എസ്.സി-ക്ക് വിട്ടത് എന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇതു സംബന്ധിച്ച സ്പെഷ്യൽ റൂളുകൾ ഇനിയും തയ്യാറാകാനുള്ളത് എന്നറിയിക്കുമോ ;

(സി) നിയമനങ്ങൾ പി.എസ്.സി-ക്ക്വിട്ട് വർഷങ്ങളായിട്ടും ഇതിനായി സ്പെഷ്യൽ റൂളുകൾ തയ്യാറാക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി-ക്ക് വിട്ടത്.

1. തിരുവിതാകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ
2. പൊല്യൂഷൻ കൺട്രോൾ ബോർഡ്
3. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
4. കേരള ഫീഡ്സ് ലിമിറ്റഡ്
5. കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ
6. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
7. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

നിയമനങ്ങൾ പി.എസ്.സി-ക്ക് കൈമാറാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ

64 (74) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനങ്ങൾ പി.എസ്.സി.-ക്ക് കൈമാറാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly